# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2273 18/07/2016-ൽ മറുപടിയ്ക്ക്**

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

| ചോദ്യം<br>**ശ്രീമതി.പി. അയിഷാ പോറ്റി** | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) | മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പിൽ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ; | എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| ബി) | കഴിഞ്ഞ സർക്കാർ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 41 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനായി 49.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത രീതിയിൽ കൊല്ലം ജില്ലയിൽ എത്ര മത്സ്യ മാർക്കറ്റുകൾ നവീകരിച്ചുവെന്ന് വിശദമാക്കുമോ? | സി) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലം ജില്ലയിൽ മത്സ്യമാർക്കറ്റുകളൊന്നും തന്നെ നവീകരിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**